**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

**വാർത്താക്കുറിപ്പ്**

**2024 ഓഗസ്റ്റ് 19**

---

**31 രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികൾ പങ്കെടുക്കും**

## എം.ജി സർവകലാശലയിൽ വിദേശ വിദ്യാർഥികളുടെ സാംസ്കാരിക സംഗമം 23ന്

വിവിധ രാജ്യങ്ങളിലെ കലാ-സാംസ്കാരിക പരിപാടികളുടെ അവതരണത്തിന് വേദിയൊരുക്കുന്ന സംസ്കാരിക വൈവിധ്യ സംഗമം ഓഗസ്റ്റ് 23ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സർവകലാശാലയിലെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളജുകളിലും പഠിക്കുന്ന വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികളാണ് പരിപാടിയിൽ പങ്കെടുക്കുക.

കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ രാവിലെ ഒൻപതിന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ്(ഐ.സി.സി.ആർ) സോണൽ ഡയറക്ടർ പ്രദീപ് കുമാർ മുഖ്യ പ്രഭാഷണം നടത്തും. സ്വന്തം രാജ്യത്തെ ഏറെ ജനപ്രിയമായ കലാരൂപം പരിചയപ്പെടുത്തുന്നതിന് വിദ്യാർഥികൾക്ക് അവസരമുണ്ടാകും. വിദ്യാഥികൾ നേരിട്ടോ മറ്റുള്ളവരുടെ സഹകരണത്തോടെ ഓൺലൈനിലോ അവതരിപ്പിക്കാം. കലാപരിപാടികളുടെ വീഡിയോ പ്രദർശനവും അനുവദിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലെയും വിദേശ വിദ്യാർഥികൾക്ക് സൗജന്യമായി പങ്കെടുക്കാം. സംസ്ഥാനത്തെ മറ്റു സർവകലാശാലകളിലും കോളജുകളിലും പഠിക്കുന്ന വിദേശ വിദ്യാർഥികൾക്കും അധ്യാപകർക്കും സാംസ്കാരിക വിനിമയ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾക്കും നിശ്ചിത ഫീസ് നൽകി രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം.

ഐ.സി.സി.ആറിന്റെ സാംസ്കാരിക വിനിമയ പ്രവർത്തനങ്ങളുടെ ആശയമുൾക്കൊണ്ടാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്ന് ഏകോപനച്ചുമതല നിർവഹിക്കുന്ന യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പേറഷൻ (യു.സി.ഐ.സി)ഡയറക്ടർ ഡോ. സജിമോൻ ഏബ്രഹാം പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ്

കോളജുകളിലുമായി നിലവിൽ 31 രാജ്യങ്ങളിൽനിന്നുള്ള 122 വിദ്യാർഥികൾ പഠിക്കുന്നുണ്ട്.

(പി.ആർ.ഒ/39/755/2024)

## എം.ജി.യിൽ സദ്ഭാവന ദിനം ആചരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജീവനക്കാർ സദ്ഭാവന ദിന പ്രതിജ്ഞ യെടുത്തു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നേതൃത്വം നൽകി. സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ്. സുമേഷ്, സെനറ്റ് അംഗം എം.എസ്. സുരേഷ്, ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സദ്ഭാവന ദിനാചരണച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

(പി.ആർ.ഒ/39/756/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിഎസ്സി സുവോളജി( മോഡൽ 1,2,3 സിബിസിഎസ് 2023 അ ഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷ നുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 23 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..............

രണ്ടാം സെമസ്റ്റർ ബിഎസ്സി ജിയോളജി, ജിയോളജി ആന്റ് വാട്ടർ മാനേജ്മെന്റ് സിബിസിഎസ്(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ് മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷക ളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 30 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ

....................

രണ്ടാം സെമസ്റ്റർ എംഎസ്സി ഹോംസയൻസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏ പ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 23ന് കോളജുകളിൽ നട ക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/757/2024)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്(2022 അഡ് മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പ രീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധ നയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ രണ്ടുവരെ ഓൺലൈനിൽ അപേക്ഷി ക്കാം.

..............

നാലാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ ഫ ലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ രണ്ടുവരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/758/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ(ഐഐയുസിഎൻഎൻ) എംടെക് പോളിമെർ സയൻസ് ആന്റ് എൻജിനിയറിംഗ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് 23ന് നടക്കും. കൂടുതൽ വിവരങ്ങൾ iiucnn.mgu.ac.in ൽ ലഭിക്കും. അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി അന്നു രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. ഫോൺ-8075696733, 9744278352.

(പി.ആർ.ഒ/39/759/2024)

## സൗജന്യ തൊഴിൽ മേള

മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ കോട്ടയം മോഡൽ കരിയർ സെന്ററിന്റെ സഹകരണത്തോടെ ഓഗസ്റ്റ് 24ന് തൊഴിൽ മേള നടത്തും. വിവിധ പ്രൈവറ്റ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക തകസ്തികകളിലും സഹകരണ സൊസൈറ്റിയിലെയും ധനകാര്യ സ്ഥാപനത്തിലെയും ഒഴിവുകളിലും ജോലി തേടുന്നവർക്ക് പങ്കെടുക്കാം.

പ്ലസ് ടൂ, ഐ.ടി.ഐ, ഡിപ്ലോമ, ഡിഗ്രി, പി.ജി യോഗ്യതകളുള്ളവർക്ക് t.ly/pUhev എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. ഫോൺ-04812731025 , 8075164727.

(പി.ആർ.ഒ/39/760/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**